# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3658** | **15/03/2018-ൽ മറുപടിയ്ക്ക്**

## റിസ്ക് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | റിസ്ക് ഫണ്ടിൽ നിന്നും അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാകുന്നില്ലെന്ന പരാതി പരിശോധിക്കുമോ; | (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് പരാതി പരിശോധിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില സഹകരണ സംഘങ്ങൾ കോടതി കളുടെ ഉത്തരവുകൾ ഉണ്ടായിട്ടും വിട്ടുവീഴ്ച്ച് തയ്യാറാകുന്നില്ലെന്ന കാര്യം വകുപ്പ് പരിശോധിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സർക്കാരിന്റെയും കോടതികളുടെയും നിർദ്ദേശങ്ങൾ അനുസരിക്കണമെന്ന കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നടപടി സ്വീകരിച്ച് വരുന്നു. ബോധവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ വകുപ്പ് ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയും, കോടതി കേസുകളുമായി ബന്ധപ്പെട്ട ഫയൽ അദാലത്തുകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ പ്രതിമാസ പ്രവർത്തി അവലോകന യോഗത്തിൽ സർക്കാർ ഉത്തരവുകൾ, കോടതി ഉത്തരവുകൾ എന്നിവ പാലിക്കുന്നത് സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ